ഭാഗ്യക്കുറി വകുപ്പിലെ പ്രൊമോഷൻ നടപടികൾ

17 [2880] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ വിവിധ തസ്തികകളിൽ പ്രൊമോഷൻ നടത്തിയിട്ട് എത്ര നാളായി;

(ബി) ഈ വകുപ്പിൽ യു.ഡി.സി., ഹെഡ്ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ജില്ലാ ഭാഗ്യക്കുറി ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ട്; പറയാമോ;

(സി) പ്രസ്തുത തസ്തികകളിൽ പ്രൊമോഷൻ നടത്താത്തതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) അനധികൃത ലോട്ടറികളും ഓൺലൈൻ ലോട്ടറികളും നിയമവിരുദ്ധമായി വ്യാപകമായി നടന്നുവരുന്ന സാഹചര്യത്തിൽ അതു തടയേണ്ട സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഇത്രയും പ്രൊമോഷൻ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വകുപ്പിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എത്രയും വേഗം പ്രൊമോഷൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) 17-7-2004-ൽ ആണ് അവസാനമായി പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. ഈ ഉത്തരവുപ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഒരാൾക്കും ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിലേക്ക് 5 പേർക്കും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ഒരു ജോയിന്റ് ഡയറക്ടറുടേയും ഏഴ് അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരുടേയും ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. മറ്റു തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല.

(സി) ജോയിന്റ് ഡയറക്ടറായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ട വകുപ്പിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥനെതിരെ നിലവിലുള്ള അച്ചടക്ക നടപടികളും ജനപ്രതിനിധികളടക്കമുള്ളവർ നൽകിയിട്ടുള്ള പരാതികളും നിലവിലുള്ളതുകൊണ്ടാണ് ആ തസ്തികയിലേക്കുള്ള നിയമനം വൈകുന്നത്. ഒഴിവുള്ള മറ്റു തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി ആന്റ് ഇ) ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly